**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3617** **27-06-2024 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിലെ എക്സസ് നിയമന പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിലെ എക്സസ് നിയമനപ്രശ്നം ഫോർ ഇയർ ഡിഗ്രിയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പുതിയ പാഠ്യപദ്ധതി പ്രകാരംനാലുവർഷ ഡിഗ്രി പ്രോഗ്രാം നടപ്പിലാക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. |
| (ബി) | എക്സസ് അധ്യാപക പ്രശ്നത്തിൽപെട്ട് കോളേജിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും നികത്തപ്പെടാതെ കിടക്കുന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഫോർ ഇയർ ഡിഗ്രിയുടെ പശ്ചാത്തലത്തിൽ, റാങ്ക് ലിസ്റ്റിൽ നിന്നും ഇത്തരം ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ ഉടൻ ആരംഭിക്കുമോ; എങ്കിൽ എപ്പോൾ ആരംഭിയ്ക്കാനാകുമെന്ന് അറിയിയിക്കാമോ; | (ബി) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. വർക്ക് ലോഡ് യു.ജി.സി നിബന്ധനപ്രകാരം പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം.ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലനിൽക്കുന്ന അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | നിലവിൽ സർക്കാർ കോളേജുകളിൽ സ്ഥിര പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഫോർ ഇയർ ഡിഗ്രി കോഴ്സുകൾ 2024 ജൂലൈ മുതൽ ആരംഭിക്കുന്നത് കണക്കിലെടുത്ത് പ്രിൻസിപ്പാൾ നിയമനം വേഗത്തിലാക്കാൻ ഉടൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 75 സർക്കാർ കോളേജുകളിൽ നിലവിൽ 37 കോളേജുകളിൽ പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് ബഹു.കോടതികളിൽ നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ ഉത്തരവ് ലഭിയ്ക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ